# <u>നേര്</u>

കവിതാപുസ്തകത്തിലെ വരികളോട്

ഇതളുകൾക്കിടയിൽ മറഞ്ഞിരുന്ന   മരം പറഞ്ഞു:

ഞാൻ നനഞ്ഞ മഴയും

ഞാൻ കൊണ്ട വെയിലും

ഞാനേറ്റ മുറിവുമാണ് നീ...

അനന്തരം;

കെട്ടുപൊട്ടിച്ച അക്ഷരങ്ങൾ

താളുകളിൽ താളംതുള്ളി

പൂക്കളായി പൂർവ്വാശ്രമങ്ങളിലേക്ക്

പറന്നുപോയി...

എന്നിട്ടും;

കാലംതെറ്റിവന്ന മഴയിൽ ചോർന്നൊലിക്കുന്ന

എത്രയെത്ര കണക്കുപുസ്തകങ്ങളാണ്

നേരറിയാതെ

അലമാരകളിൽ വേരുറച്ചു  പോകുന്നത്?

--ഗിരീഷ്കുമാർ  ശ്രീലകം